പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2530

17/8/2017-ലെ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കൈവല്യ പദ്ധതി

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ
ശ്രീ.പി.ടി.എ. റഹീം

ഉത്തരം
ശ്രീ. ടി.പി. രാമകൃഷ്ണൻ
(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കൈവല്യ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

എ) ഭിന്നശേഷിക്കാർക്ക്, സമൂഹത്തിൽ അന്തസ്സായി ജീവിക്കാൻ ഒരു തൊഴിൽ അഥവാ ഒരു സ്വയം തൊഴിൽ സംരംഭം എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 'കൈവല്യ' എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്ക്കരിച്ച് 2016 മുതൽ നടപ്പിലാക്കിയിട്ടുണ്ട് . എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണിത്. ഈ പദ്ധതിയിൽ തുല്യപ്രാധാന്യമുള്ള 4 ഘടകപദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്.

1. വൊക്കേഷണൽ & കരിയർ ഗൈഡൻസ്
2. കപ്പാസിറ്റി ബിൽഡിംഗ്
3. മത്സരപ്പരീക്ഷ പരിശീലനം
4. സ്വയം തൊഴിൽ പലിശരഹിത വായ്പ പദ്ധതി

പദ്ധതിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ളവരെ മേൽ പരാമർശിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടകപദ്ധതികളിലൂടെ വരുമാനമാർഗ്ഗമുള്ള തൊഴിൽ കണ്ടെത്തി സ്വന്തം കാലിൽ നിൽക്കുവാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

| | | | |
|---|---|---|---|
| ബി) | ഭിന്നശേഷിക്കാർക്ക് പ്രസ്തുത പദ്ധതിപ്രകാരം സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വായ്പ നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | കൈവല്യ പദ്ധതിപ്രകാരം ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി പലിശരഹിത വായ്പ അനുവദിക്കുന്നുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ കൊടുക്കുന്നു. |

- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 40% ഭിന്നശേഷിയുടെ സർട്ടിഫിക്കറ്റ് സഹിതം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും കൈവല്യ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
- ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ നൽകാവുന്നതാണ്.
- സ്വയംതൊഴിൽ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന് അപേക്ഷകന്റെ പ്രായം 18 നും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം.
- സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിന് വാർഷിക വരുമാനം 2,00,000/- (രണ്ട് ലക്ഷം) രൂപയിൽ കവിയാൻ പാടില്ല.
- വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
- ബി.പി.എൽ റേഷൻ കാർഡ് ഉടമകൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
- ജില്ല കളക്ടർ അധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് വായ്പ നൽകുന്നതിനുള്ള സംരംഭകരെ തെരഞ്ഞെടുക്കുന്നത്.
- വായ്പ തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.
- വായ്പ തുക തുല്യ തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.

- വായ്പ ലഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകൻ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനായുള്ള ബോണ്ട് ഒപ്പിട്ടു നൽകേ ണ്ടതാണ്.

സി) സ്വയം തൊഴിൽ ചെയ്യുന്നതിനായി പരമാവധി എത്ര രൂപയാണ് വായ്പ അനുവദിക്കുന്നതെന്നും വായ്പയുടെ പലിശ, സബ്സിഡി എന്നിവയുടെ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ;

സി) കൈവല്യ പദ്ധതി പ്രകാരം ഇപ്പോൾ 50,000/- രൂപയാണ് വ്യക്തിഗത വായ്പ നൽകുന്നത്. അപേക്ഷകൾ പരിശോധിക്കുന്ന ജില്ലാതല സമിതികൾക്ക് ബോധ്യമാകുന്നപക്ഷം ഒരു ലക്ഷം രൂപ വരെ വായ്പ തുക വർദ്ധിപ്പിച്ചു നൽകുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡി ലഭിക്കും. കൈവല്യ പദ്ധതി പ്രകാരം പലിശരഹിത വായ്പയാണ് അനുവദിക്കുന്നത്.

ഡി) കൈവല്യ പദ്ധതി പ്രകാരം ഭിന്നശേഷിയുള്ളവർക്ക് പി.എസ്.സി., ബാങ്ക് റിക്രൂട്ട്മെന്റ് മുതലായ പരീക്ഷകൾക്കായി പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

ഡി) എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കൈവല്യ പദ്ധതിയിലേക്ക് അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ്. പ്രസ്തുത ഡാറ്റാബാങ്കിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് പി.എസ്.സി, ബാങ്ക് റിക്രൂട്ട്മെന്റ് മുതലായ പരീക്ഷകൾക്കായി പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 183 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പ രീക്ഷ യ്ക്കുള്ള 25 ദിവസത്തെ പ രിശീലനം നല്കിയി ട്ടുണ്ട്.

ഇ) പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇ) കൈവല്യ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ അനുവദിച്ചിട്ടു ണ്ട്

സെക്ഷൻ ഓഫീസർ